"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് ജില്ല – കള്ളാടി ടണൽ ഫേസ് - 3 -ൽ ഉണ്ടായ മണ്ണിടിച്ചിൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി വയനാട് ജില്ലാ കളക്ടർക്ക് തുക അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**298/2026/DMD** തീയതി, തിരുവനന്തപുരം, **16-07-2026**

---

പരാമർശം:- **1.** സ. ഉ. (കൈ) നം. **14/2026**/ഡി.എം.ഡി. തീയതി, **10.07.2026**

**2.** വയനാട് ജില്ലാ കളക്ടറുടെ **16.07.2026** ലെ **DCWYD/4270/2026/DM3** നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ് -**3** യിൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **5** ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ച് **2** ലക്ഷം രൂപ വരെ ചികിത്സ സഹായവും അനുവദിച്ചു പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു.

പരാമർശം **(2)** റിപ്പോർട്ട് പ്രകാരം, ദുരന്ത ബാധിതർക്ക് അനുവദിച്ചു നൽകുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ വയനാട് ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

ഗവണ്മെന്റ് ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം **(2)** റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ് -**3** ൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ട **8** പേരുടെ ആശ്രിതർക്ക് **5** ലക്ഷം രൂപ വീതം ആകെ **40,00000/-** (നാല്പത് ലക്ഷം രൂപ മാത്രം) രൂപയും, പരിക്കേറ്റ **9** പേരുടെ ആശ്രിതർക്ക് **2** ലക്ഷം രൂപ വീതം ആകെ **18,00000/-** (പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപയും ചേർത്ത് ആകെ **58,00000/-** (അമ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

**(1)** അനുവദിച്ച എക്സ്-ഗ്രേഷ്യ ധനസഹായം, ബന്ധപ്പെട്ട ഗുണഭോക്താക്കൾക്കായി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് **(KRCL)**

ലഭ്യമാക്കിയ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്കു അനുമതി നൽകുന്നു.

**(2)** മരണപ്പെട്ട വ്യക്തികളുടെ വിഷയത്തിൽ, അനുവദിച്ച ധനസഹായം നിയമാനുസൃത അവകാശിക്ക് മാത്രമേ പിൻവലിക്കുന്നതിന് അനുവാദമുള്ളൂ. ഇതിനായി ബന്ധപ്പെട്ട അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും അതിന്റെ ആധികാരികത പരിശോധിക്കുകയും, നിലവിലുള്ള എല്ലാ നിയമനടപടികളും പൂർത്തീകരിച്ചുവെന്നു ഉറപ്പുവരുത്തുകയും വേണം.

മേൽ പരാമർശിത തുക വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി റവന്യൂ (ഡി.ആർ.എഫ് - സി) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ജില്ലാകളക്ടർ, വയനാട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

റവന്യൂ (ഡി.ആർ.എഫ് - സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

മെമ്പർ സെക്രട്ടറി, KSDMA
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/131/2026-DMD-Part(1))

ഉത്തരവിൻ പ്രകാരം
Digitally signed by
Manu S
Date: 16-07-2026
16:11:40
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ദുരന്ത നിവാരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്